**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4576 — 25-06-2019 -ൽ മറുപടിക്ക്

**കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകുന്നതിന് നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എ.പി. അനിൽ കുമാർ** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച നിലമ്പൂർ താലൂക്കിൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ പല കർഷകർക്കും അർഹമായ നഷ്ടപരിഹാരം ലഭിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിന് അപേക്ഷ സമർപ്പിച്ച കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ കർഷകർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |
| ബി) | മണ്ണിടിച്ചിൽ കാരണം വീട്ടുകാരെ വില്ലേജ് അധികൃതർ ഒഴിപ്പിച്ചതിനാൽ വീട്ടിൽ ആൾതാമസം ഉണ്ടായിരുന്നില്ല എന്ന് പറഞ്ഞ് ഗ്രേസി മാത്യു എന്ന കർഷകയ്ക്കും വീടിനെ കൃഷി ആവശ്യത്തിനുള്ള ഉപകരണങ്ങൾ ശേഖരിക്കുന്ന സ്റ്റോർ ആണെന്ന കാരണം പറഞ്ഞ് കെ.ജി.ജോസഫ് എന്ന കർഷകനും ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുണ്ടോ; | ബി) | വിവരം ശേഖരിച്ചു വരുന്നു. |
| സി) | ഇത്തരം പരാതികൾ പ്രത്യേകം പരിശോധിച്ച് അർഹതപ്പെട്ട ആനുകൂല്യം പ്രസ്തുത കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ ആനുകൂല്യം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ